# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി15)982 /2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 01/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി15)982 /2022 തീയ്യതി: 01/07/2022

## തൃശ്ശൂർ ജില്ലയിലെ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2020 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ എൻ സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 14-06-2022 | 22-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 14-06-2022 | 22-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ഷോബി വി പി,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി പ്രവിദ പി എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ശ്രീജിത്ത് തെക്കുംപാടൻ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ധന്യ എ സുരേന്ദ്രൻ,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജയശ്രീ കൊച്ചുഗോവിന്ദൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ഭരണ നിർവ്വഹണ സമിതി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| അജിത സുധാകരൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ഷെജി തോമസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2020 | 06-04-2020 |
| ശാലിനി എം | സെക്രട്ടറി | 07-04-2020 | 17-06-2020 |
| സിജോ കരേടൻ | സെക്രട്ടറി | 17-06-2020 | 30-07-2020 |
| ഷെജി തോമസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 31-07-2020 | 04-08-2020 |
| രാജേശ്വരി എം | സെക്രട്ടറി | 05-08-2020 | 09-10-2020 |
| ഷെജി തോമസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-10-2020 | 15-10-2020 |
| പി ഉമാ ഉണ്ണികൃഷ്ണൻ | സെക്രട്ടറി | 16-10-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അരുൺ സുഗതൻ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.രോഷ്മ ടി ജെ | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ.സുനിത വി എം | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2020 | 31-03-2021 |
| ഡോ ആശ കെ | മെഡിക്കൽ ഓഫീസർ, ആയൂർവ്വേദം | 01-04-2020 | 31-03-2021 |
| ജനോവ കെ വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശാലിനി വി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 17-07-2020 |
| വിനോദിനി പി കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 18-07-2020 | 31-03-2021 |
| അജൈബ് ചന്ദ്രൻ എം സി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 25-08-2020 |
| ഷെജി തോമസ് | അസിസ്റ്റന്റ് സെക്രട്ടറി | 26-08-2020 | 31-03-2021 |
| അനിൽകുമാർ എ | വി ഇ ഒ,നന്തിപുലം സർക്കിൾ | 01-04-2020 | 31-05-2020 |
| ബിന്ദു കെ ബി | വി ഇ ഒ,നന്തിപുലം സർക്കിൾ | 01-06-2020 | 15-11-2020 |

| | | | |
|---|---|---|---|
| സുരേഷ്കുമാർ ടി ഡി | വി ഇ ഒ,നന്തിപുലം സർക്കിൾ | 16-11-2020 | 31-03-2021 |
| ജോഷീല പി ജെ | വി ഇ ഒ ,വേലൂപ്പാടം സർക്കിൾ | 01-04-2020 | 11-11-2020 |
| മനേഷ് സി കെ | വി ഇ ഒ ,വേലൂപ്പാടം സർക്കിൾ | 12-11-2020 | 31-03-2021 |
| ബിന്ദു കെ ബി | വി ഇ ഒ ,വരന്തരപ്പിള്ളി സർക്കിൾ | 01-04-2020 | 31-03-2021 |
| സിജോൺ ജെ കുന്നത്ത് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശാന്ത എ എ | ഹെഡ് മിസ്ട്രസ് | 01-04-2020 | 30-04-2020 |
| വാസന്തി ടി എ | ഹെഡ് മിസ്ട്രസ് ഇൻ ചാർജ് | 01-05-2020 | 18-02-2021 |
| ശ്രീജയ വി എ | ഹെഡ് മിസ്ട്രസ് | 19-02-2021 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shobby.V.P (Audit Officer, On 21-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 21-06-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Dhanya.A (Auditor, On 19-06-2022)<br>Last Updated By: Dhanya.A (Auditor, On 19-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Dhanya.A (Auditor, On 19-06-2022)<br>Last Updated By: Dhanya.A (Auditor, On 19-06-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Dhanya.A (Auditor, On 19-06-2022)<br>Last Updated By: Dhanya.A (Auditor, On 19-06-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.A.Pravida (Audit Officer, On 28-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-5 |
| 6 | ക്ഷേമപെൻഷനുകൾ<br>Written By: Dhanya.A (Auditor, On 19-06-2022)<br>Last Updated By: Dhanya.A (Auditor, On 19-06-2022) | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Dhanya.A (Auditor, On 28-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 28-06-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Dhanya.A (Auditor, On 19-06-2022)<br>Last Updated By: Dhanya.A (Auditor, On 28-06-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Shobby.V.P (Audit Officer, On 21-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-9 |
| 10 | വാർഷികകണക്കുകൾ- സമർപ്പിക്കാത്ത പത്രികകൾ<br>Written By: Dhanya.A (Auditor, On 16-06-2022)<br>Last Updated By: Dhanya.A (Auditor, On 16-06-2022) | 1-10 |
| 11 | വസ്തു നികുതി (റെസിഡൻഷ്യൽ- തൻവർഷം)-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.<br>Written By: Dhanya.A (Auditor, On 16-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-11 |
| 12 | വസ്തു നികുതി (നോൺ റെസിഡൻഷ്യൽ- തൻവർഷം)-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.<br>Written By: Dhanya.A (Auditor, On 16-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-12 |
| 13 | വസ്തു നികുതി (റെസിഡൻഷ്യൽ (കുടിശ്ശിക))-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.<br>Written By: Dhanya.A (Auditor, On 16-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-13 |
| 14 | വസ്തു നികുതി (നോൺ-റെസിഡൻഷ്യൽ(കുടിശ്ശിക)-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.<br>Written By: Dhanya.A (Auditor, On 20-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-14 |
| 15 | വസ്തു നികുതി മുൻകൂർ- വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-15 |

| | | |
|---|---|---|
| | Written By: Dhanya.A (Auditor, On 20-06-2022)<br>Last Updated By: Dhanya.A (Auditor, On 20-06-2022) | |
| 16 | വസ്തു നികുതി-കൃത്യമായ ഡിമാന്റ് എൻട്രി ഇല്ല.<br>Written By: Dhanya.A (Auditor, On 20-06-2022)<br>Last Updated By: Dhanya.A (Auditor, On 20-06-2022) | 1-16 |
| 17 | വരവിനങ്ങൾ-രജിസ്റ്ററുകൾ പൂർത്തീകരിച്ചിട്ടില്ല<br>Written By: Dhanya.A (Auditor, On 20-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-17 |
| 18 | വരുമാനങ്ങളുടെ മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല<br>Written By: Dhanya.A (Auditor, On 20-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-18 |
| 19 | കിട്ടാനുള്ള തുക-സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയില്ല<br>Written By: Dhanya.A (Auditor, On 20-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-19 |
| 20 | ജേണൽ വൗച്ചർ- രേഖകളില്ലാതെ Prior Period ശീർഷകത്തിൽ ചെലവ് എഴുതുന്നു, വരുമാനമായി ക്രമീകരിക്കുന്നു<br>Written By: Dhanya.A (Auditor, On 20-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-20 |
| 21 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Dhanya.A (Auditor, On 20-06-2022)<br>Last Updated By: Dhanya.A (Auditor, On 20-06-2022) | 1-21 |
| 22 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Dhanya.A (Auditor, On 20-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-22 |
| 23 | തൊഴിലുറപ്പ്പദ്ധതി- വരവ് ചെലവ് തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Dhanya.A (Auditor, On 20-06-2022)<br>Last Updated By: Dhanya.A (Auditor, On 20-06-2022) | 1-23 |
| 24 | ഗ്രാന്റ് വിനിയോഗിച്ചുള്ള ആസ്തികൾ-തത്തുല്യമായ തുക " Capital Contribution"ശീർഷകത്തിലേക്ക് മാറ്റിയില്ല<br>Written By: Dhanya.A (Auditor, On 20-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-24 |
| 25 | Capital Work In Progress -തുക കൃത്യമല്ല<br>Written By: Dhanya.A (Auditor, On 20-06-2022)<br>Last Updated By: Dhanya.A (Auditor, On 20-06-2022) | 1-25 |
| 26 | അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല<br>Written By: Dhanya.A (Auditor, On 22-06-2022)<br>Last Updated By: Dhanya.A (Auditor, On 22-06-2022) | 1-26 |
| 27 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ്- ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Dhanya.A (Auditor, On 22-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-27 |
| 28 | പഞ്ചായത്ത് ജനറൽ കമ്മിറ്റി തീരുമാനങ്ങളിൽ തുടർ നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Dhanya.A (Auditor, On 22-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-28 |
| 29 | അനധികൃത കെട്ടിട നിർമ്മാണം-കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 235എഎ പ്രകാരമുള്ള തുടർ നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Dhanya.A (Auditor, On 22-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-29 |
| 30 | പ്രത്യേക കന്നുകുട്ടി പരിപാലനം-വിനിയോഗ സാക്ഷ്യപത്രം | 1-30 |

| | | |
|---|---|---|
| | ലഭ്യമാക്കേണ്ടതാണ്<br>Written By: P.A.Pravida (Audit Officer, On 18-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | |
| 31 | തേനീച്ച വളർത്തൽ-സബ്സിഡി മാർഗരേഖ പാലിച്ചില്ല<br>Written By: P.A.Pravida (Audit Officer, On 21-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-31 |
| 32 | ഡയറി ഫാം ഇൻസ്ട്രക്ടർ കാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിച്ചിട്ടില്ല<br>Written By: Shobby.V.P (Audit Officer, On 21-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-32 |
| 33 | തൊഴിലുറപ്പ് പദ്ധതി--ക്വാറി മക്ക് ഫില്ലിങ്ങിന് അധിക നിരക്ക് നൽകി<br>Written By: Shobby.V.P (Audit Officer, On 21-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-33 |
| 34 | തൊഴിലുറപ്പ് പദ്ധതി --ആദായ നികുതിയിനത്തിൽ ₹ 16763--ഈടാക്കിയിട്ടില്ല.<br>Written By: Shobby.V.P (Audit Officer, On 21-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-34 |
| 35 | കുറുമാലിപ്പുഴയിലെ പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്യൽ - മണ്ണ് ലേലം അപാകതകൾ<br>Written By: Sreejith Thekkumbadan (Senior Grade Auditor, On 22-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-35 |
| 36 | കൂടിയ ടെൻഡർ നിരക്ക് സ്വീകരിച്ച് വീഡിയോ ഡോക്യുമെന്ററി നിർമ്മാണം നടത്തി. 98,000/-രൂപയുടെചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sreejith Thekkumbadan (Senior Grade Auditor, On 22-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-36 |
| 37 | സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികൾ. പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല<br>Written By: Sreejith Thekkumbadan (Senior Grade Auditor, On 22-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-37 |
| 38 | കാലി ബാരലിന്റെ വില ₹125815/- ഈടാക്കിയിട്ടില്ല<br>Written By: Shobby.V.P (Audit Officer, On 21-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-38 |
| 39 | ഓവർഹെഡ് ചാർജ്ജസ് അധിക നിരക്കിൽ അനുവദിച്ചു വരുന്നു<br>Written By: Shobby.V.P (Audit Officer, On 21-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 22-06-2022) | 1-39 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Dhanya.A (Auditor, On 19-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Dhanya.A (Auditor, On 19-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Dhanya.A (Auditor, On 19-06-2022)<br>Last Updated By: Dhanya.A (Auditor, On 19-06-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Dhanya.A (Auditor, On 19-06-2022)<br>Last Updated By: Dhanya.A (Auditor, On 21-06-2022) | 4-4 |

| | | |
|---|---|---|
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Dhanya.A (Auditor, On 19-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 28-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Dhanya.A (Auditor, On 19-06-2022)<br>Last Updated By: Dhanya.A (Auditor, On 19-06-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Dhanya.A (Auditor, On 19-06-2022)<br>Last Updated By: Dhanya.A (Auditor, On 19-06-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Dhanya.A (Auditor, On 19-06-2022)<br>Last Updated By: Dhanya.A (Auditor, On 19-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Dhanya.A (Auditor, On 19-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Dhanya.A (Auditor, On 19-06-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 03-07-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| പാസാക്കിയ തീയതി | കമ്മിറ്റി തീരുമാനം/തീയതി | പ്രതീക്ഷിത വരുമാനം | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 28.03.2020 | 1/1 | 281626849 | 239678795 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തീയതി | കമ്മിറ്റി തീരുമാനം നമ്പർ | പ്രതീക്ഷിത വരുമാനം | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 17.02.2021 | 1/1 | 338487980 | 335674845 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 17.11.2021 | ഇല്ല | ഇല്ല |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 28887878 |
| വരവ് | 135182707 |
| ആകെ | 164070585 |
| ചെലവ് | 136809803 |
| നീക്കിയിരിപ്പ് | 27260782 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ (ACR പ്രകാരം) | 0 | 27776084 | 27776084 | 27584636 | 191448 |
| വികസന ഫണ്ട് – എസ്.സി.പി. (ACR പ്രകാരം) | 0 | 8248000 | 8248000 | 6159171 | 2088829 |
| വികസന ഫണ്ട് – ടി.എസ്.പി. (ACR പ്രകാരം) | 0 | 1474667 | 1474667 | 837187 | 637480 |
| മെയിന്റനൻസ് റോഡ് (ACR പ്രകാരം) | 0 | 30961000 | 30961000 | 28322676 | 2638324 |
| മെയിന്റനൻസ് നോൺറോഡ് (ACR പ്രകാരം) | 0 | 6905443 | 6905443 | 4704965 | 2200478 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 18138690 | 18138690 | 13174325 | 4964365 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 379 | 191374483 | 291 | 114015707 | 0 | 88 | 76.78 |

## 1-6 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 9113200 | 506 |
| വിധവാ പെൻഷൻ | 25701500 | 1427 |
| വാർദ്ധക്യകാല പെൻഷൻ | 57213500 | 3178 |
| വികലാംഗ പെൻഷൻ | 7205900 | 400 |
| 50 വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2608400 | 145 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 270000 | 9 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4434 | 1322018 | 1326452 | 1322018 | 9556 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 42431478 | 42431478 | 42431478 | 0 |

തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വിവരങ്ങളാണ് ഖണ്ഡികയിൽ ചേർത്തിട്ടുള്ളത്. ആയത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.06.2022 തീയതിയിൽ 3:30 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,65,440/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ്. രജിസ്റ്ററുകളും, വൗച്ചറുകളും മറ്റ് രേഖകളും ഏറെക്കുറെ നന്നായി സൂക്ഷിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് നന്നായി പ്രവർത്തിച്ചു വരുന്നു. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 വാർഷികകണക്കുകൾ- സമർപ്പിക്കാത്ത പത്രികകൾ

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

2. സർക്കാർ ഉത്തരവ് (കൈ)16/21 ത.സ്വ.ഭ.വ തീ.23.01.2021 പ്രകാരം വാർഷിക കണക്കുകളോടൊപ്പം നിർബന്ധിതമാക്കിയിരുന്ന ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

## 1-11 വസ്തു നികുതി (റെസിഡൻഷ്യൽ- തൻവർഷം)-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

റെസിഡൻഷ്യൽ(തൻവർഷം )

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3511086 | 3431321 | 85454 | 17647 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3497806 | 3417396 | 85477 | *17647 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410101- Advance Collection- PT On Res. Bldg-ന്റെ ലെഡ്ജർ) | *(18540/105X100)=17657 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.ഡിമാന്റ് ,കളക്ഷൻ പൊരുത്തപ്പെടുന്നില്ല

2.ക്രമീകരിച്ച മുൻകൂർ തുക പൊരുത്തപ്പെടുന്നില്ല.

3."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-12 വസ്തു നികുതി (നോൺ റെസിഡൻഷ്യൽ- തൻവർഷം)-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.

നോൺറെസിഡൻഷ്യൽ(തൻവർഷം )

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2555692 | 2502675 | 50147 | 30132 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2484884 | 2434079 | 48051 | *30132 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410104- Advance Collection- PT On NR Bldg-ന്റെ ലെഡ്ജർ) | *(31643/105X100)=30136 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.ഡിമാന്റ് ,കളക്ഷൻ തുകകൾ പൊരുത്തപ്പെടുന്നില്ല.

2.ക്രമീകരിച്ച മുൻകൂർ തുക പൊരുത്തപ്പെടുന്നില്ല.

3."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-13 വസ്തു നികുതി (റെസിഡൻഷ്യൽ (കുടിശ്ശിക))-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.

റെസിഡൻഷ്യൽ (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ | 119677 | 91713 | 28423 |

| | | | |
|---|---|---|---|
| പ്രകാരം | | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *111109 | 91713 | **28423 |
| | *(2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (94752+21912/105*100)=111108.57 | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (29868/105X100)=28446, ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-14 വസ്തു നികുതി (നോൺ-റെസിഡൻഷ്യൽ(കുടിശ്ശിക)-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 203757 | 187276 | 17095 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 202981 | 187276 | 17095 |
| | (2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(135653+77477=213130/105*100) =202980.95 | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | **(18015/105X100)=17157,ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-15 വസ്തു നികുതി മുൻകൂർ- വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 944554 | 1059558 |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 41541 | 240998 |

## 1-16 വസ്തു നികുതി-കൃത്യമായ ഡിമാന്റ് എൻട്രി ഇല്ല.

1/4/2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ്

ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്‍ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21 വർഷത്തിൽ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ 342 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്.എന്നാൽ 2020-21 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് 2 തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ ,എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ,ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-17 വരവിനങ്ങൾ-രജിസ്റ്ററുകൾ പൂർത്തീകരിച്ചിട്ടില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി ,വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)).നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. മറിച്ച് വാർഷികകണക്കിലെ വിവിധ പത്രികകളിലെ വർഷാന്ത്യ തുകകൾ പ്രിന്റ് എടുത്ത് രജിസ്റ്ററിൽ ചേർത്ത് ഓഡിറ്റിന് ഹാജരാക്കുകയാണ് ചെയ്തിരിക്കുന്നത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3ലൈസൻസ് ഡിമാന്റ് രജിസ്റ്റർ

4വാടക ഡിമാന്റ് രജിസ്റ്റർ

5ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

## 1-18 വരുമാനങ്ങളുടെ മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്.എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര.ന | വരുമാനം | മുൻകൂർ ശീർഷകം | 31/3/2021 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 439900 |
| 2 | ലൈസൻസ് ഫീസ് | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 330555 |
| 3 | വാടക | 350410401- Advance Collection Of Revenues- Rent From Buildings | 7400 |

## 1-19 കിട്ടാനുള്ള തുക-സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്.എന്നാൽ നികുതി ,നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി ,സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 ,കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-20 ജേണൽ വൗച്ചർ- രേഖകളില്ലാതെ Prior Period ശീർഷകത്തിൽ ചെലവ് എഴുതുന്നു, വരുമാനമായി ക്രമീകരിക്കുന്നു

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും ,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും

,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18) | 31/3/2021 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | (30352) |
| 280100104-Prior Period Income-Property Tax On Non Residential Buildings | (30352) |
| 280100102-Prior Period Income-Pofession Tax-Institutions/professionals/Traders | (1950) |
| 280200101-Prior Period Income-Rent From Building | (1475) |
| 280200401-Prior Period Income-Other Income | (10225) |
| 280800101-Prior Period-Establishment Expenses | 6000 |
| 280800201-Prior Period Administrative Expenses | (33834) |
| 280800701- Prior Period-Miscellaneous Expenses | 45306 |

## 1-21 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-22 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1627096രൂപയാണ്.എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 8544200രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-23 തൊഴിലുറപ്പ്പദ്ധതി- വരവ് ചെലവ് തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരം (ഷെഡ്യൂൾ I-6,I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 42534378 രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ ആസ്തി നിർമിക്കുന്നതിനുള്ള 2896892 രൂപയുടെ മൂലധനചെലവും ഉൾപ്പെടുന്നു.വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| 1 | Eriyakkadan Road Concreting | 239735 |
| 2 | Laksham Veedu Road Drain Construction | 218641 |
| 3 | Nanatty Road Concreting | 114219 |
| 4 | Anthikkadan Road Concreting | 241943 |
| 5 | Veluppadam Madam Branch Road Concreting | 235608 |
| 6 | Ward 20 Colony Road Concreting | 236430 |
| 7 | Kodakarappadam Road Concreting | 184540 |
| 8 | Nilampathy Road Concreting | 161310 |
| 9 | Pallikalakath Road Concreting | 240854 |
| 10 | Blue Line Road Concreting | 199418 |
| 11 | Aikkarakkunnu Road Concreting | 120390 |

| | | |
|---|---|---|
| 12 | Echippara GTS Compound Wall | 330771 |
| 13 | Echippara GTS Playground | 373033 |

ഈ തുക തെറ്റായി റവന്യൂവരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരമുള്ള ആകെ വരുമാനം,ചെലവ് എന്നിവ 2896892രൂപ കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റിൽ 2896892രൂപയുടെ ആസ്തികളും, തത്തുല്യമായ തുകയ്ക്കുള്ള കാപ്പിറ്റൽ കോണ്ട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്.ഇത് തിരുത്തേണ്ടതാണ്.

## 1-24 ഗ്രാന്റ് വിനിയോഗിച്ചുള്ള ആസ്തികൾ-തത്തുല്യമായ തുക " Capital Contribution"ശീർഷകത്തിലേക്ക് മാറ്റിയില്ല

31/3/2020 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ്(24384520) 31/3/2021 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്.വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം.ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു.ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൌണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-25 Capital Work In Progress -തുക കൃത്യമല്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/21 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2021 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 1465224രൂപയാണ്. എന്നാൽ 31/3/2021 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 865638രൂപ യാണ്.

## 1-26 അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ B18 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകകളുടെ ആധികാരികത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

## 1-27 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ്- ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

26.07.2019 തിയതിയിലെ അജണ്ട 18 തീരുമാനം 18 പ്രകാരം വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് അതിർത്തിയിലെ എല്ലാ വാണിജ്യസ്ഥാപനങ്ങൾക്കും ലൈസൻസ് എടുക്കുന്നതിനും ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങൾ അന്വേഷിച്ച് ലൈസൻസ് എടുപ്പിക്കുന്നതിനും അതാത് വാർഡ് ക്ലാർക്കുമാരെ ചുമതലപ്പെടുത്തുന്നതിനും, ഇതുമായി ബന്ധപ്പെട്ട് അതാത് വാർഡ് കേന്ദ്രീകരിച്ച് ട്രെഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിനും ക്ലാർക്കുമാരോട് നിർദ്ദേശിക്കുന്നതിനും യോഗം തീരുമാനിച്ചിട്ടുള്ളതായി മിനട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ,ട്രേഡേഴ്സ് ലിസ്റ്റ് , സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വാണിജ്യ, വ്യാപാര കെട്ടിടങ്ങളുടെ എണ്ണം എന്നിവ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്തിൽ നിരവധി സ്ഥാപനങ്ങൾ ഗ്രാമ പഞ്ചായത്ത് നൽകുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നതായി വ്യക്തമാണ്.

പഞ്ചായത്തിന്റെ വരന്തരപ്പിള്ളി,നന്തിപുലം ഷോപ്പിങ്ങ് കോംപ്ളക്സുകളിലെ 38 കടമുറികൾ ഉള്ളതിൽ 34 മുറികൾ വാണിജ്യ സ്ഥാപനങ്ങൾക്കായി വാടകയ്ക്കു നൽകിയിട്ടുണ്ട് , ഇവയിൽ 9 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിൽ ആകെ 17 പൊതുവിതരണ കേന്ദ്രങ്ങളും 4 കള്ളു ഷാപ്പുകളും ഉണ്ട്. എന്നാൽ ഇവ ലൈസൻസ് എടുത്തിട്ടില്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്( എൻക്വയറി നമ്പർ 15/18.06.22) മറുപടി നൽകിയിട്ടുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും ലൈസൻസ് എടുക്കുന്നതിന് ബാദ്ധ്യസ്ഥമായ എല്ലാ സ്ഥാപനങ്ങളേയും ലൈസൻസ് എടുപ്പിക്കുന്നതിന് നടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-28 പഞ്ചായത്ത് ജനറൽ കമ്മിറ്റി തീരുമാനങ്ങളിൽ തുടർ നടപടി സ്വീകരിക്കേണ്ടതാണ്

വിവിധ പഞ്ചായത്ത് കമ്മിറ്റികളിലെ ചില തീരുമാനങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

1) 11.05.20 തിയതിയിലെ അജണ്ട 15 തീരുമാനം 1- 224/19-20 നവോദയ വായനശാല കെട്ടിട നിർമ്മാണം എന്ന പദ്ധതിയിൽ പഴയ കെട്ടിടം പൊളിച്ചപ്പോൾ കിട്ടിയ ബിൽഡിങ്ങ് മെറ്റീരിയൽസ് ലേലം ചെയ്യുന്നതിന് തീരുമാനിച്ചു.

2) 06/07/20 തിയതിയിലെ അജണ്ട 7 തീരുമാനം 1- 19-20 വാർഷിക പദ്ധതി കന്നാറ്റുപാടം-കൽക്കുഴി റോഡ് പുനരുദ്ധാരണം പ്രവർത്തിയിൽ ലഭിച്ച 50 യൂണിറ്റ് മണ്ണ് ലേലം ചെയ്യുന്നതിന് തീരുമാനിച്ചു.

3) 19/8/20 തിയതിയിലെ അജണ്ട 13 തീരുമാനം 1- മാട്ടുമല 20-ാം വാർഡിലെ കുടൽ കമ്പനി (നവീൻ ഇന്റസ്ട്രീസ് ബോൺ മീൽ ഫാക്ടറി) അടച്ചു പൂട്ടാൻ നോട്ടീസ് നൽകാൻ തീരുമാനമെടുത്തു.

4) 6/11/20 തിയതിയിലെ അജണ്ട 3 തീരുമാനം 3- ഗ്രാമ പഞ്ചായത്തിന്റെ മാർക്കറ്റ് കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം

കാർഷികാവശ്യത്തിനായി ലേലം ചെയ്ത് കൊടുക്കുന്നതിന് തീരുമാനിച്ചു.
5) 6/11/20 തിയതിയിലെ അജണ്ട 8 തീരുമാനം 8- 93/20-21 കുളക്കാട് റോഡ് കാന നിർമ്മാണം എന്ന പ്രവൃത്തിയിലെ DSR നിരക്ക് 129.71/m3 പ്രകാരം 6486 രൂപ മൂല്യമുള്ള 50m3 മണ്ണ് ലേലം ചെയ്യുന്നതിന് തീരുമാനിച്ചു.
മേൽ തീരുമാനങ്ങളിൽ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ആവശ്യപ്പെട്ടുകൊണ്ട് എൻക്വയറി (എൻക്വയറി നം.21/21.06.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 1-29 അനധികൃത കെട്ടിട നിർമ്മാണം-കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 235എഎ പ്രകാരമുള്ള തുടർ നടപടി സ്വീകരിക്കേണ്ടതാണ്

11.05.2020 തിയതിയിലെ അജണ്ട 9 തീരുമാനം 9പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം ശ്രീ ജെയിംസ് കെ എൽ,തോട്ട്യാൻ വീട്, ചെങ്ങാലൂർ എന്നയാളുടെ ഉടമസ്ഥതയിലുള്ള നവീൻ ഇൻഡസ്ട്രീസ് എന്ന പേരിലുള്ള ബോൺ മീൽ ഫാക്ടറി പ്രവർത്തിക്കുന്ന കെട്ടിടത്തിൽ അനധികൃത നിർമ്മാണം ഉള്ളതായും ആയത് ക്രമവൽക്കരിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിന് ടിയാനോട് ആവശ്യപ്പെടുന്നതിനും തീരുമാനമെടുത്തിരുന്നു. ടിയാന്റെ ക്രമവൽക്കരണത്തിനുള്ള അപേക്ഷ ഫയൽ പരിശോധിച്ചതിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത് 1/10/2010 തിയതിയിലാണ്. 1927 ച. മീ വിസ്തീർണ്ണം ക്രമവൽക്കരിക്കുന്നതിനാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. 2009ൽ കൂട്ടിച്ചേർത്ത വിസ്തീർണ്ണം ഉൾപ്പെടെ 523.7ച മീ വിസ്തീർണ്ണത്തിന് പെർമ്മിറ്റ് അനുവദിച്ചിട്ടുണ്ട്. പഞ്ചായത്തിലെ വസ്തു നികുതി രേഖകൾ പ്രകാരം 1050ച മീ ആണ് കെട്ടിടത്തിന്റെ വിസ്തീർണ്ണം. പെർമ്മിറ്റ് പ്രകാരമുള്ള ഏരിയയിൽ നിന്നും അധികമായി നിർമ്മിച്ച 526.3ച മീ ക്രമവൽക്കരിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. കെട്ടിടം ക്രമവൽക്കരിക്കുന്നതിന് ടിയാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷയിൽ അസി എഞ്ചിനീയർ ന്യൂനതകൾ ഉള്ളതായി അറിയിച്ചതിനെ തുടർന്ന് ആയത് പരിഹരിക്കുന്നതിന് ആവശ്യപ്പെട്ട് സെക്രട്ടറി ടിയാന് രേഖാമൂലം 9.10,20, 3.1.21, 16.6.21 എന്നീ തിയതികളിൽ കത്തു നൽകിയിരുന്നുവെങ്കിലും ന്യൂനത പരിഹരിച്ച് അപേക്ഷ പുനർ സമർപ്പിച്ചിട്ടില്ല.

കെട്ടിടം പണിതിരിക്കുന്നത് പതിച്ചു നൽകിയ പട്ടയഭൂമിയിലാണ്. ചാലക്കുടി തഹസിൽദാരുടെ 13.10.2020 തിയതിയിലെ സി7-6027/2020 നമ്പർ കത്ത് പ്രകാരം ടി കെട്ടിടം സ്ഥിതി ചെയ്യുന്ന വരന്തരപ്പിള്ളി വില്ലേജിലെ സർവ്വേ നമ്പർ 850/3,5 എന്നിവയിൽ ഉൾപ്പെട്ട .0777ഹെക്ടർ ഭൂമി C2 LA-348/81 പ്രകാരം കാർഷികാവശ്യത്തിനായി പതിച്ചു നൽകിയിട്ടുള്ളതാണ്.കാർഷികാവശ്യത്തിനായി പതിച്ചു നൽകിയ ഭൂമിയിൽ വ്യവസായിക ആവശ്യത്തിനായി കെട്ടിടനിർമ്മാണം ക്രമവൽക്കരിച്ചു നൽകാൻ സാധിക്കുകയില്ല എന്ന് ടിയാനെ രേഖാമൂലം സെക്രട്ടറി 12.10.21 തിയതിയിൽ അറിയിച്ചിട്ടുണ്ട്. ടി കെട്ടിടം സ്ഥിതിചെയ്യുന്ന വരന്തരപ്പിള്ളി വില്ലേജ് സർവ്വേ 850/4,850/5,850/6,850/7,850/1, 851/1, 851/2 നമ്പറുകളുടെ ബി ടി ആർ പകർപ്പും സർവ്വേ സ്കെച്ചും പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നുമുള്ള റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് 14.10.20 തിയതിയിലും പട്ടയഭൂമി ഏതാവശ്യത്തിനാണ് പതിച്ചു നൽകിയതെന്നുമുള്ള റിപ്പോർട്ട് സാക്ഷ്യപ്പെടുത്തി നൽകുന്നതിന് 9.02.22 തിയതിയിലും വരന്തരപ്പിള്ളി വില്ലേജ് ഓഫീസർക്ക് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി കത്ത് നൽകിയിട്ടുണ്ട്.

1994ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 235AA വകുപ്പ് പ്രകാരം തുടർ നടപടി സ്വീകരിച്ചതിന്റെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 28/21.6.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-30 പ്രത്യേക കന്നുകുട്ടി പരിപാലനം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് നം. ,പേര്-14/21 പ്രത്യേക കന്നുകുട്ടി പരിപാലനം
നിർവ്വഹണ ഉദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ
ചെലവ് -12,50,000/-(വികസനഫണ്ട് ജനറൽ)
(വൗച്ചർ നം.22001299/06.01.2021 - 12,50,000/-)

മേല്പറഞ്ഞ പ്രൊജക്ടിൽ വേലൂപ്പാടം, നന്തിപുലം ക്ഷീരസംഘങ്ങളുടെ കീഴിലുള്ള ഗുണഭോക്താക്കളുടെ വിഹിതമായി 12,50,000/-രൂപ എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. ക്ഷീരസംഘങ്ങളുടെ കാലിത്തീറ്റ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ മുഴുവൻ വിഹിതവും കൈപ്പറ്റിയതായി കാണുന്നില്ല.
വേലൂപ്പാടം സൊസൈറ്റി

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കാലിത്തീറ്റ വാങ്ങിയതിന്റെ വിവരം |
|---|---|---|
| 1 | കൊച്ചുണ്ണി,അക്കരക്കാരൻ | 1/21 മുതൽ 2/22 വരെ(14മാസം) |
| 2 | നാരായണൻ,മലയൻ | 1/21 മുതൽ 8/21വരെ(8മാസം) |

| | | |
|---|---|---|
| 3 | നളിനി രാജൻ,അരങ്ങൻ | 1/21 മുതൽ9/21വരെ(9 മാസം) |

നന്തിപുലം സൊസൈറ്റി

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കാലിത്തീറ്റ വാങ്ങിയതിന്റെ വിവരം |
|---|---|---|
| 1 | ചന്ദ്രിക,എറിയക്കാടൻ | 1/21മുതൽ 10/21വരെ(10 മാസം) |
| 2 | ജെയ്സൻ,അയ്യിക്കാടൻ | 1/21മുതൽ10 /21വരെ( 10മാസം) |
| 3 | സതീഷ് വി എസ്,വടാശ്ശേരി | 1/21മുതൽ 6/21വരെ(6 മാസം) |
| 4 | ശിവരാമൻ,ചാക്കയിൽ | 1/21മുതൽ 9/21വരെ(9 മാസം) |
| 5 | വർഗീസ്.എം വി, മഞ്ഞളി | 1/21മുതൽ 8/21വരെ(8 മാസം) |

മേല്പറഞ്ഞ ഗുണഭോക്താക്കളുടെ അവശേഷിക്കുന്ന സബ്സിഡി വിഹിതം എസ് എൽ ബി പി യിൽ നിന്നും തിരികെ ലഭ്യമാക്കേണ്ടതാണ്.

1/21ൽ തുടങ്ങി 6/22 ൽ കാലിത്തീറ്റ വിതരണം അവസാനിച്ചതിനാൽ പ്രൊജക്ടിന്റെ വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.10/17.06.2022)

## 1-31 തേനീച്ച വളർത്തൽ-സബ്സിഡി മാർഗരേഖ പാലിച്ചില്ല

പ്രൊജക്ട് നം. , പേര്-229/21 -തേനീച്ച വളർത്തൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ- കൃഷി ഓഫീസർ
ചെലവ് -1,47,600/-(വികസനഫണ്ട് ജനറൽ)
(വൗച്ചർ നം.22000191/12.04.2020- 147600/-)
മേല്പറഞ്ഞ പ്രൊജക്ടിൽ ഹോർട്ടികോർപ്പിൽ നിന്നും 205 തേനീച്ചക്കൂടുകൾ വാങ്ങി 38 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.22/2018 ത സ്വ ഭ വ തീ.14.02.2018 പ്രകാരം ഒരാൾക്ക് പരമാവധി രണ്ട് കൂടുകളാണ് നൽകാവുന്നത്. ഇതിൽ നിന്നും വ്യതിചലിച്ച് 35 പേർക്ക് 5 കൂടുകളും 3 പേർക്ക് 10 കൂടുകളും നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.20/21.06.2022) മറുപടിയായി കോവിഡ് പ്രതിസന്ധിയെത്തുടർന്ന് ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതം അടവാക്കാത്തതിനാൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരമാണ് അധിക എണ്ണം തേനീച്ചക്കൂടുകൾ വിതരണം ചെയ്തതെന്നും മറുപടി നൽകി. സബ്സിഡി മാർഗ്ഗരേഖയ്ക്കനുസരിച്ച് പ്രൊജക്ടുകൾ നടപ്പാക്കുന്നതിന് ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-32 ഡയറി ഫാം ഇൻസ്ട്രക്ടർ കാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിച്ചിട്ടില്ല

( ഓഡിറ്റ് എൻക്വയറി നം. 1തിയ്യതി 14-6-'22 )

കേരള ട്രഷറി കോഡ് ചട്ടം 92 എ I, Ii എന്നിവ പ്രകാരം പൊതു പണം കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും ടി.ആർ 7 എ കാഷ്ബുക്കിൽ വരവു ചെലവു വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്. ഓഡിറ്റ് കാലയളവിൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയിട്ടുണ്ട്. കാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-33 തൊഴിലുറപ്പ് പദ്ധതി--ക്വാറി മക്ക് ഫില്ലിങ്ങിന് അധിക നിരക്ക് നൽകി

ഓഡിറ്റ് എൻക്വയറി നം. 6 തി. 16-06-22

ഓഡിറ്റ് കാലയളവിൽ ക്വാറി മക്ക് ഫില്ലിങ്ങിന് ₹ 1262.78 എന്ന നിരക്ക്(SECURE ഇനം 80.7.2.3) നൽകിയിട്ടുള്ളതായി പരിശോധനയിൽ കണ്ടു. PRICE സോഫ്റ്റ് വെയറിൽ (ഇനം 51.2.3) ഈയിനത്തിന് ₹ 891.01 നിരക്കാണ് നൽകി വരുന്നത്. ഒരേയിനം പ്രവൃത്തിക്ക് ഒരേ സ്ഥാപനത്തിൽ രണ്ടു വ്യത്യസ്ത നിരക്കുകൾ അനുവദിച്ച് വരുന്ന കാര്യം ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് MNREGA സ്റ്റേറ്റ് മിഷന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിലേക്ക് കൊടകര ബ്ലോക്ക് പ്രോഗ്രാം ഓഫീസറെ രേഖാമൂലം അറിയിച്ചിട്ടുള്ളതായി മറുപടി നല്കിയിട്ടുണ്ട്. ഇക്കാര്യത്തിലുള്ള തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-34 തൊഴിലുറപ്പ് പദ്ധതി --ആദായ നികുതിയിനത്തിൽ ₹ 16763-- ഈടാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.11 തി. 17-6-'22

ഓഡിറ്റ് കാലയളവിൽ വിവിധ പ്രവൃത്തികളുമായി ബന്ധപ്പെട്ട് സാധനസാമഗ്രികൾ സപ്ലൈ ചെയ്യുന്ന കരാറുകാരിൽ നിന്ന് 1961ലെ ആദായനികുതി നിയമം 194 സി വകുപ്പ് പ്രകാരം ആദായനികുതി ഈടാക്കിയിട്ടില്ലാത്തതായി പരിശോധനയിൽ കണ്ടു. തുക നൽകിയത് 14-5-20 ന ശേഷം ആകയാലും പാൻ കാർഡുള്ള സാഹചര്യത്തിലും .75% നിരക്കിൽതാഴെ ചേർക്കുന്നതു പ്രകാരം ആദായനികുതി ഈടാക്കേണ്ടതാണ്.

| ( എ ) കരാറുകാരൻ : ശ്രീ. ശശിധരൻ വി PAN AIKNPS0956L | | |
|---|---|---|
| പ്രവൃത്തിയുടെ പേര്/കരാർ നമ്പർ | ചെലവു തുക/<br>തുക നൽകിയ തിയ്യതി | ആദായനികുതി<br>( .75% ) |
| കൊടകരപ്പാടം ഐക്യനഗർ കോൺക്രീറ്റിങ്ങ്<br>കരാർ നം. 15/20-21 തി. 19-6-20 | 123743-/10-3-'21 | 928 - |
| വേലൂപ്പാടം മഠം റോഡ് കോൺക്രീറ്റിങ്ങ്<br>കരാർ നം. 16/20-21 തി. 19-6-20 | 206588-/12-3-'21 | 1549- |
| ബ്ലൂലൈൻ റോഡ് കോൺക്രീറ്റിങ്ങ്<br>കരാർ നം. 17/20-21 തി. 19-6-20 | 160842-/10-1-'21 | 1206- |
| ആകെ | | 3683- |

| ( ബി ) കരാറുകാരൻ : ശ്രീ. കെ കൃഷ്ണൻകുട്ടി PAN APKPK2495N | | |
|---|---|---|
| ഐക്കരക്കുന്ന് റോഡ് കോൺക്രീറ്റിങ്ങ്<br>കരാർ നം. 24/20-21 തി. 20-6-20 | 101806-/19-3-'21 | 764- |
| അന്തിക്കാടൻ റോഡ് കോൺക്രീറ്റിങ്ങ്<br>കരാർ നം. 19/20-21 തി. 19-6-20 | 206707--/19-3-'21 | 1550- |
| നാനാട്ടി റോഡ് കോൺക്രീറ്റിങ്ങ്<br>കരാർ നം. 20/20-21 തി. 20-6-20 | 93858-/19-3-'21 | 704- |
| ആകെ | | 3018- |

| ( സി ) കരാറുകാരൻ : ശ്രീ. സികെ ഷാജി PAN BEVPS0375C | | |
|---|---|---|
| എരിയക്കാടൻ റോഡ് കോൺക്രീറ്റിങ്ങ്<br>കരാർ നം. 22/20-21 തി. 20-6-20 | 206570-/19-3-'21 | 1549- |
| ലക്ഷം വീട് റോഡ് കാന നിർമാണം<br>കരാർ നം. 19/20-21 തി. 19-6-20 | 153356-/20-3-'21 | 1150- |
| ആകെ | | 2699- |

| ( ഡി ) കരാറുകാരൻ : ശ്രീ. സിജു കെ ജെ PAN FHHPS3646K | | |
|---|---|---|
| കോളനി വഴി റോഡ് കോൺക്രീറ്റിങ്ങ്<br>കരാർ നം. 23/20-21 തി. 20-6-20 | 202889-/20-3-'21 | 1522- |
| നിലംപതി റോഡ് കോൺക്രീറ്റിങ്ങ്<br>കരാർ നം. 21/20-21 തി. 20-6-20 | 134602-/20-3-'21 | 1010- |
| ആകെ | | 2532- |

| ( ഇ ) കരാറുകാരൻ : ശ്രീ. സക്കീർ PAN FEPPS0216Q | | |
|---|---|---|
| GTS കളിസ്ഥലം വാർഡ് 7<br>കരാർ നം. 27/20-21 തി. 29-6-20 | 291733-/19-3-'21 | 2188- |
| GTS ചുറ്റുമതിൽ നിർമാണം<br>കരാർ നം. 26/20-21 തി. 29-6-20 | 146171--/20-2-'21 | 1096- |

| | |
|---|---|
| ആകെ | 3284- |

| ( എഫ് ) കരാറുകാരൻ : ശ്രീ. കെ എ .ജോസഫ്PAN AETPJ8849P | | |
|---|---|---|
| പള്ളിക്കലകത്ത് റോഡ് കോൺക്രീറ്റിങ്ങ്<br>കരാർ നം. 23/20-21 തി. 20-6-20 | 206238-/10-2-'21 | 1547- |

ആദായ നികുതിയിനത്തിൽ താഴെ ചേർക്കുന്നതു പ്രകാരം ₹ 16763- ഈടാക്കുന്നതിന നടപടികൾ സ്വീകരിക്കേണ്ടതാണ്.

| സംക്ഷിപ്തം | |
|---|---|
| കരാറുകാരന്റെ പേര് | ആദായനികുതി |
| ശ്രീ. ശ്രീ. ശശിധരൻ വി | 3683- |
| ശ്രീ. കെ കൃഷ്ണൻകുട്ടി | 3018- |
| ശ്രീ. . സിജു കെ ജെ | 2532- |
| ശ്രീ. . സികെ ഷാജി | 2699- |
| ശ്രീ. . സക്കീർ | 3284- |
| ശ്രീ. കെ എ .ജോസഫ് | 1547- |
| ആകെ | 16763- |

## 1-35 കുറുമാലിപ്പുഴയിലെ പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്യൽ - മണ്ണ് ലേലം അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | എസ് ഒ 395/21 |
| പ്രൊജക്റ്റിന്റെ പേര് | കുറുമാലിപ്പുഴയിലെ പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്യൽ |
| പദ്ധതി വിഹിതം | 30,00,000 |
| ചെലവ് | 11,20,746 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

റവന്യൂ(പി) വകുപ്പിന്റെ 24-12-2019 ലെ ജി.ഒ(ആർ.ടി)നമ്പർ 3880/2019/ആർ.ഡി ഉത്തരവ് പ്രകാരം 2018, 2019 വർഷങ്ങളിലെ പ്രളയത്തിൽ അടിഞ്ഞുകൂടിയ അവശിഷ്ടങ്ങൾ നീക്കം ചെയ്ത് പുഴകളുടെ ജലസംഭരണശേഷി കൂട്ടുന്നതിനും പ്രളയ സാധ്യത കുറയ്ക്കുന്നതിനുമായുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഉത്തരവായി. ഈ നിർദ്ദേശത്തിന്റെ ഭാഗമായി തൃശ്ശൂർ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർപേഴ്സനായ ജില്ലാകലക്ടർ 20-05-2020 തീയതിയിലെ എച്ച് 3/454/2020 ഉത്തരവുപ്രകാരം കുറുമാലി, മണലി, കരുവന്നൂർ പുഴകൾ ഉൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ പരിധിയിൽപ്പെടുന്ന പ്രദേശങ്ങളിലൂടെ ഒഴുകുന്ന പുഴകളിലെ അടിഞ്ഞുകൂടിയ അവശിഷ്ടങ്ങൾ നീക്കംചെയ്യുവാൻ നിർദ്ദേശം നൽകി. ഇതു പ്രകാരം വരന്തപ്പിള്ളി പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന കുറുമാലിപ്പുഴയിലെ അവശിഷ്ടങ്ങൾ നീക്കംചെയ്യുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചുവടെ കൊടുക്കുന്നു.

1) മണ്ണ് ലേലം - 6,52,000/- രൂപ ലഭ്യമായിട്ടില്ല.

ഇതിന്റെ ഭാഗമായി 1500m3 അളവ് മണ്ണ് ലഭിക്കുകയും ആയതിന് 1m3 ന് 159.71രൂപ നിരക്കിൽ ജില്ലാമണ്ണ് സംരക്ഷണ ഓഫീസർ വില നിശ്ചയിക്കുകയും ചെയ്തു(ഡി.എസ്.സി(3)208/20/03-06-20). ഇതിന്റെ തുടർ നടപടിയായി ബഹുമാനപ്പെട്ട തൃശ്ശൂർ ജില്ലാകലക്ടർ 08-06-2020 തീയതിയിലെ എച്ച്3/45/20 പ്രകാരം പ്രളയവശിഷ്ടങ്ങൾ ലേലം ചെയ്യാൻ പഞ്ചായത്തിന് അംഗീകാരം നൽകുകയും ആയതിന്റെ പ്രവൃത്തി പൂർത്തീകരിച്ച് റിപ്പോർട്ട് ചെയ്യാൻ പഞ്ചായത്തിനെ ചുമതലപ്പെടുത്തുകയം ചെയ്തു. തുടർന്ന് 02-06-20ന് ചേർന്ന ഗ്രാമപഞ്ചായത്ത് യോഗത്തിലെ 6ാം നമ്പർ തീരുമാനമായി 1500m3 മണ്ണ് ലേലം ചെയ്യാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനമായി. ലേലവുമായി ബന്ധപ്പെട്ട് ഉയർന്ന പരാതിയുടെ അടിസ്ഥാനത്തിൽ 06-06-20 ന് ചേർന്ന ഗ്രാമപഞ്ചായത്ത് യോഗം 09-06-20 മണ്ണ് പുനർലേലം ചെയ്യാൻ തീരുമാനിച്ചു.

09-06-20 ന് കന്നാറ്റുപാടം എന്ന സ്ഥലത്ത് കൂട്ടിയിട്ടുള്ള 1500m3 മണ്ണ് പരസ്യമായി ലേലം ചെയ്യുകയും 6,53,000/-രൂപയ്ക്ക് ശ്രീ മനോജ് കുമാർ എന്നയാൾ ലേലം കൊണ്ടു. എന്നാൽ ഇദ്ദേഹം 09-06-20 ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിച്ച കത്തിൽ ലേലം കൊള്ളാൻ സാധിക്കില്ലെന്നും ആയതിനാൽ ലേലത്തിൽ രണ്ടാമനായി വന്ന ശ്രീ ദിലീഷിന് ലേലം നൽകുന്നതിൽ പരാതി ഇല്ലെന്നും അറിയിച്ചിട്ടുണ്ട്. തുടർന്ന 10-06-20 ന് ചേർന്ന പഞ്ചായത്ത് കമ്മറ്റിയുടെ യോഗത്തിൽ അജണ്ട നമ്പർ 4 ആയി ശ്രീ ദിലീഷ് എന്നയാൾക്ക് 6,52,000/- രൂപയ്ക്ക് ലേലം ഉറപ്പിച്ചുനൽകുവാൻ തീരുമാനിച്ചു. കൂടാതെ ലേലതുക അടിയന്തിരമായി അടവാക്കി 3 ദിവസത്തിനുള്ളിൽ മണ്ണ് നീക്കം

ചെയ്യാൻ ടിയാനോട് നിർദ്ദേശിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചുവടെ കൊടുക്കുന്നു.

എ) ലേല ഡയറി, ലേലം കൈകൊണ്ട വ്യക്തികളുടെയും, ലേല നടപടികളുടെയും രേഖകൾ ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

ബി) 6,53,000/-രൂപയ്ക്ക് ലേലം കൈക്കൊണ്ട ശ്രീ മനോജ് കുമാർ ഇഎംഡി തുകയായ 6000/-രൂപ അടവാക്കാതെയാണ് ലേലത്തിൽ പങ്കെടുത്തിരിക്കുന്നത്. ഇഎംഡി അടവാക്കാതെ ഇദ്ദേഹത്തെ ലേലത്തിൽ ഉൾപ്പെടുത്തിയത് സംബന്ധിച്ചും, ലേലം കൈക്കൊണ്ടശേഷം പിൻമാറിയ സാഹചര്യത്തിൽ ഇദ്ദേഹത്തിൽ നിന്നും പിഴ ഈടാക്കാത്തത് സംബന്ധിച്ചും മറുപടി ലഭ്യമാക്കേണ്ടതാണ്.

സി) ലേലതുക അടിയന്തിരമായി അടവാക്കി 3 ദിവസത്തിനുള്ളിൽ മണ്ണ് നീക്കം ചെയ്യാൻ പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചിട്ടുണ്ടെങ്കിലും മണ്ണുലേലവുമായി ബന്ധപ്പെട്ട 6,52,000/-രൂപ നാളിതുവരെയും പഞ്ചായത്തിന് ലഭ്യമായി കാണുന്നില്ല. ഇത്രയും തുക ലഭ്യമാവാത്തതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

ഡി) കന്നാറ്റുപാടം എന്ന സ്ഥലത്ത് കൂട്ടിയിട്ടുള്ള മണ്ണ് അടിയന്തിരമായി മാറ്റുന്നതിന് നടപടിയായില്ലെങ്കിൽ ഈ മണ്ണ് കാലവർഷത്തിൽ തിരികെ പുഴയിലേക്ക് ഇടിഞ്ഞുപോവാനിടയുള്ളതും പുഴയുടെ ഗതി തന്നെ മാറി ഇരുകരകളിലുമുള്ള ജനവാസപ്രദേശങ്ങളിലേക്ക് വെള്ളം കയറാൻ സാധ്യത ഉണ്ടെന്നും ഈ ഓഫീസിൽ നിന്നും 10-06-20 ന് ജില്ലാകലക്ടർക്ക് നൽകിയ എ3/3604/20 നമ്പർ കത്തിൽ സൂചിപ്പിച്ചിട്ടുമുണ്ട്. 11,20,746/- രൂപ ചെലവു ചെയ്തു നടത്തിയ അടിയന്തിര പ്രാധാന്യമുള്ള ഈ വിഷയത്തിൽ പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ വ്യക്തമാക്കേണ്ടതാണ്.

2) തെറ്റായി ചെലവ് ബുക്ക് ചെയ്തു.

സുലേഖ സോഫ്റ്റ്‌വെയർ സ്റ്റേറ്റ്മെന്റ് പ്രകാരം ഈ പദ്ധതിയുടെ ആകെ ചെലവ് 11,20,746 രൂപയാണ്. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ഫണ്ട് | പദ്ധതി വിഹിതം | ചെലവ് |
|---|---|---|
| തനത് ഫണ്ട് | 5,00,000 | 4,78,798 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 25,00,000 | 6,41,948 |
| ആകെ | 30,00,000 | 11,20,746 |

എന്നാൽ തനത് ഫണ്ടിൽ നിന്നും ചെലവായിരിക്കുന്ന 4,78,798/-രൂപ മാത്രമാണ് 2019-20 വർഷത്തെ ഇതിലെ യഥാർത്ഥ ചെലവ്. ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച 6,41,948/-രൂപ തെറ്റായി ചെലവ് ബുക്ക് ചെയ്തിട്ടുണ്ട്. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നമ്പർ 25/21-06-22) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-36 കൂടിയ ടെൻഡർ നിരക്ക് സ്വീകരിച്ച് വീഡിയോ ഡോക്യുമെന്ററി നിർമ്മാണം നടത്തി. 98,000/-രൂപയുടെചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | എസ് ഓ412/21 |
| പ്രൊജക്റ്റിന്റെ പേര് | വരന്തരപ്പിള്ളി ഗ്രാമ പഞ്ചായത്ത് വീഡിയോ ഡോക്യുമെന്ററി നിർമ്മാണം |
| പദ്ധതി വിഹിതം | 1,00,000(തനത് ഫണ്ട്) |
| ചെലവ് | 98,000 |
| വൗച്ചർ നമ്പർ/തീയതി | 22000758/21-12-2020 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 28-02-20 ലെ സ.ഉ(സാധ)നമ്പർ 501/2020ത.സ്വ.ഭ ഉത്തരവു പ്രകാരം ഓരോ പഞ്ചായത്തുകൾക്കും നിലവിലുള്ള ഭരണസമിതിയുടെ നേതൃത്വത്തിൽ നടത്തിയ വികസന പരിപാടികൾ ഉൾക്കൊള്ളിച്ചുകൊണ്ട് 20 മിനുട്ട് ദൈർഘ്യത്തിൽ പരമാവധി 1ലക്ഷം രൂപ ചെലവു ചെയ്തുകൊണ്ട് വീഡിയോ


ഡോക്യുമെന്ററികൾ ചെയ്യാവുന്നതാണ്. ഇതു പ്രകാരം 20 മിനുട്ട് ദൈർഘ്യത്തിലുള്ള വീഡിയോ ഡോക്യുമെന്ററികൾ ചെയ്യുന്നതിനായി 31-10-20 ൽ എ3/412/20 നമ്പർ പ്രകാരം ടെൻഡർ ക്ഷണിച്ചു. തുടർന്ന് ലഭിച്ച ടെൻഡർ നിരക്കുകൾ താഴെ രേഖപ്പെടുത്തുന്നു.

| ക്രമ നമ്പർ | പേര് | ടെൻഡർ ക്വാട്ട് ചെയ്ത നിരക്ക് |
|---|---|---|
| 1 | സുനിൽ കുമാർ .ഇ | 1,00,000/- |
| 2 | സജീഷ്.ബി.നായർ | 98,000/- |
| 3 | കെ.എൻ ശശിധരൻ | 75,000/- |

എന്നാൽ 09-11-20 ൽ ചേർന്ന വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ യോഗത്തിൽ 1/1 നമ്പർ തീരുമാനമായി ടെൻഡറിൽ രണ്ടാമത്തെ കുറഞ്ഞ തുക ക്വാട്ട് ചെയ്ത സജീഷ്.ബി.നായർക്ക് കരാർ നൽകാൻ തീരുമാനിച്ചു. ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് 12/20 ന് 98,000/-രൂപ കരാറുകാരന് നൽകുകയും ചെയ്തു. 20 മിനുട്ട് ദൈർഘ്യത്തിൽ പഞ്ചായത്തിന്റെ മുഴുവൻ വികസന പ്രവർത്തനങ്ങളും ചിത്രീകരിക്കാൻ സാധിക്കില്ലെന്നും ആയതിനാൽ 60 മിനുട്ടു മുതൽ 70 മിനുട്ടുവരെയുള്ള വീഡിയോ ഡോക്യുമെന്ററി 98,000/-രൂപയ്ക്ക് ചെയ്തുതരുമെന്ന കാരണത്താലാണ് യോഗം ടെൻഡറിലെ രണ്ടാമനെ തിരഞ്ഞെടുത്തിരിക്കുന്നത്. മേൽ സൂചിപ്പിച്ച ഇതേകാരണങ്ങൾ തന്നെയാണ് ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നമ്പർ 26/21-06-22) ലഭ്യമാക്കിയ മറുപടിയിലും ആവർത്തിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് പരാമർശങ്ങൾ ചുവടെ കൊടുക്കുന്നു.

1) ടെൻഡർ നോട്ടീസിലെ സ്പെസിഫിക്കേഷനിൽ 20 മിനുട്ട് ദൈർഘ്യമുള്ള വീഡിയോ ഡോക്യുമെന്ററി ചെയ്യുന്നതിനാണ് ആവശ്യപ്പെട്ടിരിക്കുന്നത്. സ്പെസിഫിക്കേഷൻ പ്രകാരം ആവശ്യപ്പെട്ട ഇനത്തിൽ ഏറ്റവും കുറവ് ക്വാട്ട് ചെയ്തയാളുടെ ക്വട്ടേഷൻ നിരസിച്ചത് ടെൻഡർ വ്യവസ്ഥകളുടെ ലംഘനമാണ്.

**ടെൻഡർ നോട്ടീസിന്റെ ഫോട്ടോ**


വരന്തരപ്പിള്ളി ഗ്രാമപ്പഞ്ചായത്ത്
പി.ഒ. വരന്തരപ്പിള്ളി, തൃശ്ശൂർ. പിൻ - 680303
ഫോൺ-0480 2760121 ഇ-മെയിൽ - varandarappillygp@gmail.com
നമ്പർ- എ3-412/2020 ഭരണഭാഷ-മാതൃഭാഷ തിയ്യതി- 31/10/2020

ടെണ്ടർ നോട്ടീസ്

വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2020/21 വാർഷികപദ്ധതിയിലുൾപ്പെട്ട താഴെപറയുംപ്രകാരമുള്ള പദ്ധതിക്ക് മത്സരസ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു. ടെണ്ടർ സംബന്ധിച്ച എല്ലാ സർക്കാർ നിബന്ധനകളും ഈ ടെണ്ടറുകൾക്കും ബാധകമായിരിക്കും. യാതൊരു കാരണവും കൂടാതെ ടെണ്ടറുകൾ നിരസിക്കുന്നതിനുള്ള പൂർണ്ണ അധികാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാണ്. പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനം അന്തിമമായിരിക്കും. കൂടുതൽ വിവരങ്ങൾ ആഫീസ് പ്രവൃത്തി സമയങ്ങളിൽ ഓഫീസിൽ നിന്നോ www.tender.lsgkerala.gov.in എന്ന വെബ്സൈറ്റിൽനിന്നോ അറിയാവുന്നതാണ്.

| ക്രമനമ്പർ | പ്രൊജക്ട് നമ്പർ | | | അടങ്കൽ |
|---|---|---|---|---|
| 1 | 412/2020 | വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ നിലവിലെ ഭരണസമിതിയുടെ നേതൃത്വത്തിൽ നടത്തിയ വികസന പരിപാടികൾ ഉൾച്ചേർത്ത് 20 മിനിറ്റ് ദൈർഘ്യമുള്ള വീഡിയോ ഡോക്യുമെന്ററി നിർമ്മിക്കുന്നതിന് രജിസ്ട്രേഡ് കമ്പനികളിൽ നിന്ന് അപേക്ഷ ക്ഷണിച്ച് കൊള്ളുന്നു | നിരതദ്രവ്യം-2500/ രൂപ, ടെണ്ടർഫോറം വില-500+ജിഎസ്ടി | 100000 രൂപ |

2) 20 മിനുട്ട് ദൈർഘ്യത്തിലുള്ള വീഡിയോ നിർമ്മാണത്തിനാണ് തദ്ദേശ സ്വയംഭരണവകുപ്പ് അനുമതി നൽകിയിട്ടുള്ളത്. ഈ ഉത്തരവ് ലംഘിച്ചുകൊണ്ടാണ് കൂടിയ നിരക്കിലുള്ള ടെൻഡർ അംഗീകരിച്ചിട്ടുള്ളത്.

3) തെറ്റായ ഈ നടപടിക്രമം കാരണം 23000/- ഈ ഇനത്തിൽ അധികച്ചെലവുണ്ടായിട്ടുണ്ട്. മേൽ സൂചിപ്പിച്ച കാരണങ്ങളാൽ 98,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-37 സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികൾ. പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെ രേഖപ്പെടുത്തിയ പദ്ധതികളുമായി ബന്ധപ്പെട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചുകൊണ്ടുള്ള പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. കൈമാറിയ തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | കൈമാറിയ തുക | വൗച്ചർ നമ്പർ/തീയതി | തുക സ്വീകരിച്ചവർ |
|---|---|---|---|---|---|
| 1 | എസ് ഒ 181/21 | പള്ളിക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ ട്രാൻസ്ഫോമർ സ്ഥാപിക്കൽ | 5,70,012 | 22000594/ 07-10-20 | കെ.എസ്.ഇ.ബി, വരന്തരപ്പിള്ളി |

| | | | | | |
|---|---|---|---|---|---|
| 2 | എസ് ഒ 425/21 | സ്ട്രീറ്റ് ലൈൻ വലിക്കൽ | 2,99,999 | 22000914/ 04-02-21 | കെ.എസ്.ഇ.ബി, വരന്തരപ്പിള്ളി |
| 3 | എസ് ഒ 413/21 | തോട്ടുമുഖം-മാട്ടുമല ലിഫ്റ്റ് ഇറിഗേഷൻ വൈദ്യുതീകരണം | 52,414 | 22000885/ 01-02-21 | കെ.എസ്.ഇ.ബി, വരന്തരപ്പിള്ളി |
| 4 | എസ് ഒ 407/21 | അപകടകരമായ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ | 1,21,183 | 22000940/ 16-02-21 | കെ.എസ്.ഇ.ബി, വരന്തരപ്പിള്ളി |
| 5 | എസ് ഒ 294/21 | വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തികൾ | 5,25,000 | 22000905/ 11-06-20 | കേരള വാട്ടർ അതോറിറ്റി, ഇരിങ്ങാലക്കുട |
| 6 | എസ് ഒ 414/21 | കണ്ണഞ്ചേരിക്കുളം അവാർഡ് ഭവനതാഴെയുള്ള കടിവെള്ള പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തികൾ | 1,00,000 | 22000954/ 17-02-21 | കേരള വാട്ടർ അതോറിറ്റി, ഇരിങ്ങാലക്കുട |
| 7 | എസ് ഒ 295/21 | വിവിധ വാർഡുകളിലെ കടിവെള്ള പൈപ്പ് ലൈൻ അറ്റകുറ്റപ്പണികൾ | 5,00,000 | 22001304/ 13-01-21 | കേരള വാട്ടർ അതോറിറ്റി, ഇരിങ്ങാലക്കുട |
| | | | 5,00,000 | 22001305/ 13-01-21 | |
| | | | 5,00,000 | 22001306/ 13-01-21 | |

ഇതുമായി ബന്ധപ്പെട്ടുനൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നമ്പർ 27/21-06-22) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-38 കാലി ബാരലിന്റെ വില ₹125815/- ഈടാക്കിയിട്ടില്ല

ഓഡിറ്റ് എൻക്വയറി നം. 3 തി. 15-6-22

റോഡു പ്രവൃത്തികളുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റുകൾ പാക്ക്ഡ് ബിറ്റുമിൻ വില ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിട്ടുള്ളത്. ഓഡിറ്റ് കാലയളവിൽ കരാറുകാർ ഉപയോഗിച്ച ബിറ്റുമിൻ ബാരലുകളുടെ എണ്ണം അസി.എഞ്ചിനിയർ

ലഭ്യമാക്കുകയുണ്ടായി. ഇതനുസരിച്ച് 238+18% (GST) നിരക്കിൽ ആകെ ₹125815/-( 106624+19191 ) കാലി ബാരലിന്റെ വില ഈടാക്കി ഓരോ പ്രവൃത്തിക്കും ചെലവു വന്ന ശീർഷകങ്ങളിലേക്ക്/GST വകുപ്പിലേക്ക് താഴെ ചേർക്കുന്നതു പ്രകാരം അടവാക്കേണ്ടതാണ്.

| കരാറുകാരന്റെ പേര് | ആകെ ബാരലുകൾ | ₹ 238/- നിരക്കിൽ കാലി ബാരലിന്റെവില | 18 % നിരക്കിൽ GST |
|---|---|---|---|
| സുരേന്ദ്രൻ സി.കെ | 68 | 16184- | 2913- |
| ജോൺ വി.എം | 47 | 11186- | 2013- |
| കൃഷ്ണൻകുട്ടി കെ.കെ | 126 | 29988- | 5398- |
| ഷെജി കെ.ടി | 23 | 5474- | 985- |
| അനന്ദരാമൻ കെ.കെ | 31 | 7378- | 1328- |
| കുഞ്ഞുമൊയ്തീൻ പി.എം | 50 | 11900- | 2142- |
| ശിവൻ എ.വി | 43 | 10234- | 1842- |
| സുജിത്ത് സുരേന്ദ്രൻ | 60 | 14280- | 2570-- |
| ആകെ | 448 | 106624- | 19191- |

### 1-39 ഓവർഹെഡ് ചാർജ്ജസ് അധിക നിരക്കിൽ അനുവദിച്ച് വരുന്നു

ഓഡിറ്റ് എൻക്വയറി നം.22 തി. 21-6-'22

സ.ഉ. (എം.എസ്) 74 / 14 എൽ.എസ്.ജി.ഡി തി. 7-5-'14 പ്രകാരം ഓവർഹെഡ് ചാർജ്ജസ് 5% നിരക്കിലാണ് അനുവദനീയമായിട്ടുള്ളത്. PRICE സോഫ്റ്റ് വെയറിൽ 10% നിരക്കിലാണ് ഓവർഹെഡ് ചാർജ്ജസ് അനുവദിച്ച് വരുന്നത് ഈയിനത്തിൽ കരാറുകാർക്ക് അധികതുക ലഭിച്ചുകൊണ്ടിരിക്കുന്നത് മേൽനടപടികൾക്ക് വേണ്ടി എൽ.എസ്.ജി.ഡി ചീഫ് എൻജിനീയറെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1042941 | ലൈഫ് മിഷൻ ജനറൽ | 1042941 | 0 |
| | 2020-21 | 124000 | ലൈഫ് മിഷൻ എസ് ടി | 124000 | 0 |
| | 2020-21 | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക സ്കോളർഷിപ്പ്/ബത്ത നൽകൽ | 300000 | 0 |
| | 2020-21 | 196000 | ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി | 196000 | 0 |
| | 2020-21 | 512400 | നെൽകൃഷി വികസനം | 512400 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 211446 | ലൈഫ് മിഷൻ ജനറൽ | 200000 | 11446 |

| | | | | |
|---|---|---|---|---|
| 2020-21 | 161400 | ലൈഫ് മിഷൻ എസ് ടി | 147000 | 14400 |
| 2020-21 | 10493400 | നവോദയ വായനശാലയ്ക്ക് കെട്ടിട നിർമ്മാണം | 746885 | 302455 |
| 2020-21 | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കു സ്കോളർഷിപ്പ്/ബത്ത നൽകൽ | 300000 | 0 |
| 2020-21 | 150000 | ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി | 150000 | 0 |
| 2020-21 | 2500000 | കുറുമാലി പുഴയിലെ പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്യൽ | 641948 | 1858052 |

ചെലവഴിക്കാൻ ബാക്കിനിൽക്കുന്ന തുകയും വാർഷികകണക്കുമായി വ്യത്യാസം കാണുന്നു. ആയത് പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | അപകടകരമായ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 300-11/11/2020 | 14805 | 14805 | 0 |
| കെ എസ് ഇ ബി | പള്ളിക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ ട്രാൻസ്ഫോർമർ സ്ഥാപിക്കലും അനുബന്ധ പ്രവർത്തനങ്ങളും | 234-05/10/2020 264-04/11/2020 | 575012 | 575012 | 0 |
| കെ എസ് ഇ ബി | അപകടകരമായ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റൽ വാർഡ് 16,18 | 425-15/02/2021 | 121183 | 121183 | 0 |
| കെ എസ് ഇ ബി | തോട്ടുമുഖം മാട്ടുമല ലിഫ്റ്റ് ഇറിഗേഷൻ എക്സ്റ്റൻഷൻ-വൈദ്യുത കണക്ഷൻ | 406-01/02/2021 | 52414 | 52414 | 0 |
| കെ എസ് ഇ ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ വാർഡ് 7 | 407-01/02/2021 | 299909 | 299909 | |

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പ്രളയത്തിൽ കേട്ട വന്ന കുടിവെള്ള പൈപ്പ് ലൈൻ അറ്റകുറ്റ പണികൾ | 27-11/04/2020 28-11/04/2020 29-11/04/2020 | 1500000 | 1500000 | 0 |
| കേരള വാട്ടർ അതോറിറ്റി | എസ് സി കോളനികളിൽ പ്രളയത്തിൽ കേട്ട വന്ന കുടിവെള്ള പൈപ്പ് ലൈൻ അറ്റകുറ്റ പണികൾ | 135-25/06/2020 | 950000 | 950000 | 0 |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 1-11/04/2020 | 525000 | 525000 | 0 |
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വാർഡ് 18 | 433-15/02/2021 | 100000 | 100000 | 0 |
| കേരള വാട്ടർ അതോറിറ്റി | വരാക്കര എസ് സി കോളനി കുടിവെള്ള പദ്ധതി പൂർത്തീകരണം | 540-23/03/2021 | 482500 | 482500 | 0 |

വാർഷിക കണക്ക് ഷെഡ്യൂൾ ബി-18 പ്രകാരം കെ.എസ്. ഇ. ബി, വാട്ടർ അതോറിറ്റി എന്നിവിടങ്ങളിൽ ഡെപ്പോസിറ്റ് ഉള്ളതായി കാണുന്നു. അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ പഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളാണ് ഖണ്ഡികയിൽ ചേർത്തിരിക്കുന്നത്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./തിയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| KURDFC | --------- | 880000 | 8516061 | 9396061 | 2564824 | 0 | 6831237 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | | | |
|---|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1,31,58,482/- | |
| 2 | തൻവർഷം നിക്ഷേപിച്ച തുക | 0 | |
| 3 | ആകെ | 1,31,58,482/- | |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | 0 | |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,31,58,482/- | |
| 6 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം | നിക്ഷേപത്തിന്റെ വിവരം | തുക |
| | | പലിശയടക്കം | 14154784/- |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ലഭ്യമാക്കിയിട്ടില്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 13,51,82,707 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 13,68,09,803 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 98000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-36 | 98000 | പി. ഉമ ഉണ്ണികൃഷ്ണൻ , സെക്രട്ടറി |
| ആകെ | 98000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിര മേൽവിലാസം |
|---|---|---|
| പി. ഉമ ഉണ്ണികൃഷ്ണൻ , സെക്രട്ടറി | സെക്രട്ടറി, പുതുക്കാട് ഗ്രാമപഞ്ചായത്ത് | രാമനാഥ് വീട്, ചിറ്റിശ്ശേരി പി. ഒ |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1986-87,87-88 | കെ.എസ്.എ.ടി.എസ്.ആർ-പി-6-605/15 /02-12-2015 |
| 1988-89,89-90 | |
| 1990-91 | |
| 1991-92 | |
| 1992-93 | |
| 1993-94 | |
| 1994-95 | കെ.എസ്.എ.ടി.എസ്.ആർ-പി-6-269/116 /23-02-2016 |
| 1995-96 | |
| 1996-97 | |
| 1997-98 | |

| | |
|---|---|
| 1998-99 | |
| 1999-2000 | |
| 2000-01 | എൽ.എഫ്.ടി-9-1673/03/03-03-2003 |
| 2001-02 | എൽ.എഫ്.ടി-9-1406/03/19-12-03/04-03-04 |
| 2002-03 | എൽ.എഫ്.ടി-9-650/06/11-08-06/1-12-2006 |
| 2003-04 | എൽ.എഫ്.ടി-9-2550/08/26-12-09 |
| 2004-05 | എൽ.എഫ്.ടി-9-2551/08/206-12-2009 |
| 2005-06 | എൽ.എഫ്.ടി-9-2558/08/26-12-2009 |
| 2006-07 | എൽ.എഫ്.ടി-9-587/10/03-02-20114 |
| 2007-08 മുതൽ 2010—11 വരെ | എൽ.എഫ്.ടി.പി-2-1872/12/53-3-13/15-07-13 |
| 2011-12 | എൽ.എഫ്.ടി.പി-2-231/13/18-14-13/14-08-13 |
| 2012-13 | എൽ.എഫ്.ടി.പി-6-12/14/7-6-14/11.09-14 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ-പി-6-49/15 /11-05-2015/11-06-2015 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ-പി.6-1110/16 /11.07.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ-പി.6-2228/16 /17-1-.2017 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ-പി.6-1749/2017 തീ.29.11.2017/22.12.17 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ-പി.6-586/19 തീ. 24.05.2019 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ (പി.9)-699/2020, തിയ്യതി: 28.07.2020 |
| 2019-20 | കെ.എസ്.എ.ടി.എസ്.ആർ (പി.15)-981/2022, തിയ്യതി: 03.07.2022 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്